**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5799** **08-07-2024 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലി സ്റ്റോറുകളിലും കൺസ്യൂമർഫെഡ് സ്റ്റോറുകളിലും നിത്യോപയോഗ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | സപ്ലൈകോ വിൽപ്പനശാലകളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൂടുതൽ വിതരണക്കാരെ ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുപ്പിക്കുന്നതിന് ശ്രമങ്ങൾ നടത്തി വരുന്നു. |
| (ബി) | സംസ്ഥാനത്ത് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്ത് നിലവിൽ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ/ സപ്ലൈകോ വിൽപ്പനശാലകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സാമൂഹികവും സാമ്പത്തികവുമായ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ മാവേലി സ്റ്റോറുകളുടെ ആവശ്യകത ഉണ്ടാകുന്ന പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ മാവേലി സ്റ്റോറുകൾ അരംഭിക്കുന്നതാണ്. വിൽപ്പന സാധ്യതയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തുന്നതിനുള്ള സാധ്യതയും പരിഗണിച്ചു വരുന്നു. |
| (സി) | കെ-സ്റ്റോർ പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളാണ് റേഷൻ ഷോപ്പ് വഴി നൽകുന്നത്? | (സി) | പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിനായി പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തികൊണ്ട് 'കെ-സ്റ്റോർ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കട ഉടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗമാണ് 'കെ-സ്റ്റോർ പദ്ധതി'കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>കെ-സ്റ്റോറുകൾ വഴി നിലവിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കി വരുന്നു.<br><br>1) 'ഹില്ലി അക്വാ' കുപ്പിവെള്ളം (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ |

| | | | |
|---|---|---|---|
| | | | ഉല്പന്നം)<br><br>2) വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ, പിന്നോക്ക/പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ.<br><br>3)മിൽമയുടെ തെരഞ്ഞെടുത്ത ഉൽപന്നങ്ങൾ<br><br>4) IOC യുടെ ചോട്ടു ഗ്യാസ്<br><br>5) സപ്ലൈകോയുടെ ശബരി ഉൽപന്നങ്ങൾ<br><br>6) CSC വഴിയുള്ള സേവനങ്ങൾ<br><br>7)10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം. |

സെക്ഷൻ ഓഫീസർ